# ദുരന്ത നിവാരണം - വളരെ അടിയന്തരം

DCIDK/4120/2021 – DM1

ജില്ലാ എമർജൻസി ഓപ്പറേഷൻ
സെന്റർ, കളക്ടറേറ്റ്, ഇടുക്കി.
തീയതി - 06.12.2021
e-mail : deocidk@gmail.com
Phone # 04862 233111, 233130,
Mob. 9383463036

ജില്ലാകളക്ടർ & ചെയർമാൻ,
ജില്ലാ ദുരന്തനിവാരണ അതോറിറ്റി
ഇടുക്കി.

1) ജില്ലാ പോലീസ് മേധാവി, ഇടുക്കി.
2) ജില്ലാ ഫയർ ഓഫീസർ, ഇടുക്കി.
3) ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി.
4) ഡെപ്യൂട്ടി ഡയറക്ടർ, എഡ്യൂക്കേഷൻ, ഇടുക്കി.
5) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൊടുപുഴ, ഇടുക്കി.
6) ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ഇടുക്കി.
7) ജില്ലാ സപ്ലൈ ഓഫീസർ, ഇടുക്കി.
8) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, നിരത്ത് വിഭാഗം, ഇടുക്കി.
9) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, കെട്ടിട വിഭാഗം, ഇടുക്കി.
10) റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
11) റവന്യൂ ഡിവിഷണൽ ഓഫീസർ, ദേവികുളം
12) എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഡാം സേഫ്റ്റി, കെ.എസ്.ഇ.ബി, വാഴത്തോപ്പ്
13) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, നാഷണൽ ഹൈവേ, മൂവാറ്റുപുഴ
14) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി.
15) ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ, ഇടുക്കി
16) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തൊടുപുഴ.
17) മുനിസിപ്പൽ സെക്രട്ടറി, കട്ടപ്പന/ തൊടുപുഴ
18) എല്ലാ തഹസിൽദാർമാർക്കും

സർ,

വിഷയം - ഇടുക്കി ജലവൈദ്യുത പദ്ധതി - കാലവർഷം 2021 – ഇടുക്കി അണക്കെട്ടിൽ ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചിട്ടുള്ളത് - സംബന്ധിച്ച്.

സൂചന - (1) റിസർച്ച് ആന്റ് ഡാം സേഫ്റ്റി എക്സി. എഞ്ചിനീയർ വാഴത്തോപ്പിന്റെ 06.12.2021 ലെ ആർ.ഡി.എസ്2/ഡി.ബി27/2021-22 നമ്പർ കത്ത്.
(2) 2021 കാല വർഷ തുലാ വർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് പുസ്തകം).

സൂചനകൾ ശ്രദ്ധിക്കുക. ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ ഭാഗമായ ഇടുക്കി ജല സംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി 2403.00 അടിയാണ്. 06.12.2021 ലെ റൂൾ കർവ് പ്രകാരം ബ്ലൂ അലേർട്ട് ലെവൽ 2395.00 അടിയും ഓറഞ്ച് അലേർട്ട് 2401.00 അടിയും, റെഡ് അലെർട്ട് 2402.00 അടിയുമാണ്. ഇടുക്കി ജലസംഭരണിയുടെ ഓറഞ്ച് അലെർട്ടും റെഡ് അലെർട്ട് ലെവലും തമ്മിലുള്ള വ്യത്യാസം 1 അടിയാണ്. അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് ഇടവിട്ട് മഴലഭിക്കുന്നതിനാലും മുല്ലപ്പെരിയാർ അണക്കെട്ടിലെ സ്പിൽവേ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കി വരുന്നതിനാലും ജലസംഭരണിയുടെ ജലനിരപ്പ് ക്രമേണ ഉയർന്ന് വരുന്നതും നിലവിൽ 06/12/2021 -5.00 പി.എം. ജലനിരപ്പ് 2401.00 അടി ആയിട്ടുള്ളതിനാൽ സൂചന (1) പ്രകാരം ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. റിസർവോയറിലെ അധികജലം സ്പിൽവേയിലൂടെ ഒഴുക്കി വിടേണ്ടുന്ന നടപടിയുടെ ഭാഗമായി രണ്ടാം ഘട്ട മുന്നറിയിപ്പായ ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ വിവിധ വകുപ്പുകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നു.

ആയതിനാൽ റെഡ് അലെർട്ടിന് സമാനമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതും ചുവടെ ചേർക്കും പ്രകാരം വിവിധ വകുപ്പുകൾ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- ബന്ധപ്പെട്ട വകുപ്പുകൾ ഓറഞ്ച് ബുക്ക് 2021 അടിസ്ഥാനമാക്കിയുള്ള തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കേണ്ടതാണ്.
- ഇടുക്കി താലൂക്കിലെ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം സജീവമാക്കാൻ ഇതിനാൽ നിർദേശം നൽകുന്നു.
- ചെറുതോണി ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്ക് ഒഴുക്കിയാൽ മാറ്റി പാർപ്പിക്കേണ്ട എല്ലാ കുടുംബങ്ങൾക്കും നോട്ടീസ് നൽകുവാനും, ഓരോ 25 കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്നതിനായി റവന്യൂ , പഞ്ചായത്ത്, പോലീസ് വകുപ്പുകളിൽ നിന്നും ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക ടീമുകൾ രൂപീകരിക്കുവാനും തഹസിൽദാർ ഇടുക്കിയെ ചുമതലപ്പെടുത്തുന്നു .
- വൈദ്യുത ബന്ധത്തിൽ തകരാറുകൾ വരുന്ന മുറക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താനുള്ള തയ്യാറെടുപ്പുകൾ, ആവശ്യമായ ടാസ്ക് ഫോഴ്സുകൾ തുടങ്ങിയവ വൈദ്യുത വകുപ്പ് മുൻകൂട്ടി സജ്ജമാക്കി നിർത്തണം.
- ദുരന്ത സാധ്യത മുന്നിൽ കണ്ടുകൊണ്ട് ദുരന്ത പ്രതികരണത്തിനായി ആവശ്യമായ റിസോഴ്സുകൾ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സജ്ജമാക്കി വെക്കേണ്ടതാണ്..
- ഡാം തുറക്കേണ്ട സാഹചര്യമുണ്ടായാൽ അടിയന്തരമായി ക്യാമ്പുകൾ സജ്ജമാക്കി ജനങ്ങൾക്ക് 'അനൗൺസ്മെന്റ്' വഴി വിവരം നൽകുകയും ജനങ്ങളെ മുൻകരുതലിന്റെ ഭാഗമായി മാറ്റി താമസിപ്പിക്കുകയും ചെയ്യേണ്ടതാണ്. അപകട സാഹചര്യത്തിൻറെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പൊതുജനങ്ങളെ മാറിത്താമസിക്കാൻ നിർബന്ധിതമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
- ക്യാമ്പുകൾ സജ്ജമാക്കേണ്ടത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടായിരിക്കണം.
- ജില്ലാ, താലൂക്ക് കൺട്രോൾ റൂമുകൾ 24*7 മണിക്കൂറും ജാഗരൂകരായി പ്രവർത്തിക്കേണ്ടതാണ്.

- ചെറുതോണി ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്ക് ഒഴുക്കേണ്ടതായി വന്നാൽ ആയത് ബാധിക്കുവാൻ സാധ്യതയുള്ള എല്ലാ പഞ്ചായത്തുകളും വില്ലേജ് ഓഫീസുകളും 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
- പോലീസും അഗ്നിരക്ഷാ സേനയും അതീവ ജാഗ്രതയോടെ അടിയന്തര സാഹചര്യങ്ങളെ നേരിടാൻ തയ്യാറായിരിക്കേണ്ടതാണ്.
- ഫയർ ആൻഡ് റെസ്ക്യൂ സേനയും സിവിൽ ഡിഫെൻസും രക്ഷാപ്രവർത്തനങ്ങൾക്ക് സജ്ജരായിരിക്കേണ്ടതാണ്.
- എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡാം സേഫ്റ്റി, ഇടുക്കി നദികളിലെ ജലനിരപ്പ് സൂക്ഷ്മമായി നിരീക്ഷിക്കുകയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ യഥാസമയം അറിയിക്കുകയും ചെയ്യേണ്ടതാണ്.
- ദൃശ്യ ശ്രാവ്യ പത്ര മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു.
- പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം ജില്ലയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിന് ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദേശം നൽകുന്നു.

പ്രസ്തുത സാഹചര്യത്തിൽ ദുരന്തനിവാരണ ചുമതലകളുള്ള വകുപ്പുകളിലെ ഉദ്യോഗസ്ഥർ മുന്നറിയിപ്പ് പിൻവലിക്കും വരെ അവരവരുടെ ആസ്ഥാനം വിട്ട് പോകാൻ പാടില്ലാത്തതുമാണ്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കാലവസ്ഥ നിരീക്ഷണ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും അതാത് സമയങ്ങളിൽ നൽകുന്ന അലെർട്ടുകൾ ജില്ലാ തല നോഡൽ ഓഫീസർമാരുടെ ഔദ്യോഗിക വാട്ട്സ് അപ്പ് ഗ്രൂപ്പായ "DM-DLOs Idukki" യിലും ഓഫീസർമാരുടെ ഇ-മെയിൽ വിലാസത്തിലും ലഭ്യമാക്കുന്നതാണ്. ആയവ കൃത്യമായി പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർ & ചെയർപേഴ്സൺ,
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണം, തിരുവനന്തപുരം
2. കമ്മീഷണർ, ദുരന്തനിവാരണം, തിരുവനന്തപുരം
3. മെമ്പർ സെക്രട്ടറി, കെ എസ് ഡി എം എ, തിരുവനന്തപുരം

4. ജില്ലാ കളക്ടർ, എറണാകുളം } തുടർനടപടിക്കായി
5. ജില്ലാ കളക്ടർ, തൃശ്ശൂർ